# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2012 ജൂലൈ 23, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### ഉത്തരത്തിലെ തിരുത്ത്

പതിമൂന്നാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിലെ നക്ഷത്ര ചിഹ്നമിടാത്ത 44, 1674 എന്നീ നമ്പർ ചോദ്യങ്ങളുടെ തിരുത്തിയ ഉത്തരങ്ങൾ മുഖ്യമന്ത്രിയും അഞ്ചാം സമ്മേളനത്തിലെ നക്ഷത്ര ചിഹ്നമിടാത്ത 4069-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രിയും മേശപ്പുറത്ത് വച്ചു.

### അടിയന്തരപ്രമേയം

#### സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ

മി. സ്പീക്കർ: കോഴിക്കോട് മീഞ്ചന്ത ചിറക്കൽ ലെയിനിൽ ഒറ്റയ്ക്ക് താമസിച്ചിരുന്ന സുന്ദരി എന്ന വീട്ടമ്മയെ 21-07-2012-ന് അർദ്ധരാത്രി വെട്ടിക്കൊലപ്പെടുത്തിയ സംഭവമുണ്ടാകുകയും സ്ത്രീകൾക്കെതിരെയുള്ള

അതിക്രമങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഏത് നിമിഷവും ആക്രമിക്കപ്പെടുമെന്ന ഭീതിയിൽ സ്ത്രീകളാകെ അരക്ഷിതാവസ്ഥയിലായിരിക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീമതിമാർ കെ. കെ. ലതിക, ഇ.എസ്. ബിജിമോൾ, ജമീലാപ്രകാശം, സർവ്വശ്രീ. കോവൂർ കുഞ്ഞുമോൻ, എ.കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): കോഴിക്കോട് പന്നിയങ്കര പോലീസ് സ്റ്റേഷൻ അതിർത്തിയിൽ വട്ടക്കിണർ എന്ന സ്ഥലത്ത് ചിറക്കൽ ഹൗസ് ലെയിനിൽ ഒറ്റയ്ക്കുതാമസിക്കുകയായിരുന്ന സുന്ദരിയെന്ന വൃദ്ധ 21-07-2012 വെളുപ്പിന് 1.30-ന് വെട്ടേറ്റതിനെത്തുടർന്ന് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലിരിക്കെ വെളുപ്പിന് 4.15-ഓടെ മരണപ്പെട്ടു. ഇതുസംബന്ധിച്ച് ഇൻഡ്യൻ ശിക്ഷാ നിയമപ്രകാരം പന്നിയങ്കര പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. മോഷണ ശ്രമത്തിനിടയിലാണ് സുന്ദരിക്ക് വെട്ടേറ്റതെന്ന് സംശയിക്കുന്നു. കൃത്യം നടന്ന സ്ഥലത്തുനിന്നും അക്രമിയുടേതെന്ന് കരുതപ്പെടുന്ന ഒരു ജോടി ചെരുപ്പും ഏണിയും കണ്ടെടുത്തിട്ടുണ്ട്. കോഴിക്കോട് സിറ്റി പോലീസ് കമ്മീഷണറും മറ്റ് ഉന്നതോദ്യോഗസ്ഥരും സംഭവസ്ഥലം സന്ദർശിച്ച് തെളിവുകൾ ശേഖരിച്ചിട്ടുണ്ട്. പ്രതി ഓട് പൊളിച്ച് അകത്ത് കയറിയാണ് കൃത്യം നിർവ്വഹിച്ചതെന്ന് പ്രാഥമിക അന്വേഷണത്തിൽ അറിയാൻ സാധിച്ചിട്ടുണ്ട്.

ശ്രീമതി കെ.കെ. ലതിക: ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചിരിക്കുന്നു. കോഴിക്കോട് വട്ടക്കിണർ എന്ന സ്ഥലത്ത് ഒറ്റയ്ക്ക് താമസിച്ചിരുന്ന സുന്ദരി എന്ന വൃദ്ധയെയാണ് മോഷ്ടാക്കൾ കൊലപ്പെടുത്തിയത്. ഒരാഴ്ചമുമ്പ് ഈ വീട്ടിൽ മോഷണശ്രമം ഉണ്ടായതിനെത്തുടർന്ന് പോലീസിൽ പരാതിപ്പെട്ടത് ഗൗരവമായി കാണാതിരുന്നതാണ് ഇത്തരത്തിൽ കൊലപാതകം ഉണ്ടാകാൻ കാരണം. സഭാസമ്മേളനം ആരംഭിച്ച് ആറുമാസത്തിനുള്ളിൽ 6665 സ്ത്രീകൾ ആക്രമിക്കപ്പെട്ടു. ചിറയിൻകീഴ് താലൂക്ക് ആശുപത്രിയിലെ ജീവനക്കാരി മലബാർ എക്സ്പ്രസ്സിൽ വച്ച് ആക്രമിക്കപ്പെട്ടപ്പോൾ മനോരോഗി യെന്നുപറഞ്ഞ് പ്രതിയെ പോലീസ് വിട്ടയച്ചതിൽ യുവതിയും സഹയാത്ര ക്കാരും പ്രതിഷേധിച്ചതിനെത്തുടർന്നാണ് നടപടിയെടുക്കാൻ തീരുമാനിച്ചത്. ഭാരതപ്പുഴയിൽ ബലിതർപ്പണം കഴിഞ്ഞ് മടങ്ങിയ സ്ത്രീയെ ശല്യപ്പെടുത്തിയ പോലീസ് ഉദ്യോഗസ്ഥനെ സസ്പെന്റ് ചെയ്തെങ്കിലും ജാമ്യത്തിൽ വിട്ടയച്ചത് ശരിയായ നടപടിയല്ല. കോഴിക്കോട് ജില്ലയിലെ പഞ്ചായത്ത് മെമ്പറായ അനിതയോട് ബസ്സിൽ യാത്രചെയ്യുമ്പോൾ ഒരു പോലീസുകാരൻ മോശമായി പെരുമാറിയതുൾപ്പെടെ കേരളത്തിൽ സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾ വർദ്ധിച്ചുവരികയാണ്. സമൂഹത്തിൽ ഒറ്റയ്ക്ക് ജീവിക്കുന്ന സ്ത്രീകൾക്ക് സ്വൈരമായി ജീവിക്കാൻ കഴിയണം. സ്ത്രീകൾക്കെ തിരെയുള്ള അതിക്രമങ്ങൾ തടയാൻ ആവശ്യമായ നിയമനടപടികൾ സ്വീകരി ക്കണം. ഈ വിഷയം സഭാനടപടികൾ നിറുത്തി വച്ച് ചർച്ച ചെയ്യണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): വൃദ്ധരായ സ്ത്രീകൾക്കെതിരെയുള്ള ആക്രമണങ്ങൾ 2010, 2011 വർഷങ്ങളിൽ നിന്നും 2012 ജൂൺ മാസമായപ്പോൾ കുറഞ്ഞുവന്നിട്ടുണ്ട്. സൗമ്യ കേസ്സിലെ പ്രതിയെ ശിക്ഷിക്കാൻ സാധിച്ചിട്ടുണ്ട്. വടക്കാഞ്ചേരി കേസ്സിൽ സംഭവം അറിഞ്ഞയുടനെ പോലീസ് ഉദ്യോഗസ്ഥനെ സസ്പെന്റ് ചെയ്തിട്ടുണ്ട്. ചിറയിൻകീഴ് താലൂക്ക് ആശുപത്രിയിലെ നഴ്സിംഗ് സൂപ്രണ്ടിനെ ആക്രമിച്ച സംഭവവുമായി ബന്ധപ്പെട്ട് കേസെടുക്കുകയും പ്രതികളെ വിട്ടയച്ച റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സിലെ ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് മെമ്പറായ അനിതയെ അപമാനിച്ച കേസിൽ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥനെ സസ്പെന്റ് ചെയ്തിട്ടുണ്ട്. കോഴിക്കോട് നടന്ന കൊലപാതകവുമായി ബന്ധപ്പെട്ട് കേസെടുത്ത് അന്വേഷണം നടത്തുകയാണ്. പ്രതികളെ എത്രയും വേഗം പിടികൂടുന്നതാണ്. കുറ്റകൃത്യത്തിലേർപ്പെടുന്നവരോട് നിർദാക്ഷിണ്യമായ നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ. എ.കെ. ബാലൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, എ.എ. അസീസ്, എ.കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽ നിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## ശ്രദ്ധക്ഷണിക്കൽ

### (1) സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ്

ശ്രീ. ബി. സത്യൻ: കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ് 2008-2011 വരെയുള്ള കാലയളവിൽ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ച്ചവയ്ക്കുകയും 2010-11-ൽ 9 കോടിയോളം രൂപ ലാഭമുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് ഈ സ്ഥാപനത്തിന്റെ വികസനത്തിനുവേണ്ടി ലോട്ടറി പ്രിന്റിംഗ്, സെക്യൂരിറ്റി പ്രസ്സ് എന്നിവ ആരംഭിക്കുകയും ആധുനിക പരിശീലന പരിപാടികൾ ആവിഷ്ക്കരിക്കാൻ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. എട്ടോളം സബ് സെന്ററുകളുള്ള ഈ സ്ഥാപനത്തിന് പാഠപുസ്തക പ്രിന്റിംഗ്, ലോട്ടറി ടിക്കറ്റ് പ്രിന്റിംഗ് എന്നീ രംഗങ്ങളിൽ വലിയ മുന്നേറ്റം കൈവരിക്കാൻ കഴിഞ്ഞു. ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കാനും ബാധ്യതകൾ തീർക്കുവാനും അടിയന്തര ഇടപെടലുണ്ടാകണം. പുതിയ ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ വാങ്ങുന്നതിന് 2012 സെപ്റ്റംബർ മാസത്തിനുള്ളിൽ അഡ്വാൻസ് തുക ലഭ്യമാക്കുന്നതിന് ധനകാര്യ വകുപ്പിൽ നിന്നും അനുകൂല നടപടിയുണ്ടാകണം. 8 കോടി രൂപയുടെ സാമ്പത്തിക ബാധ്യത ഉടൻ കൊടുത്തുതീർക്കാൻ കഴിഞ്ഞില്ലെങ്കിൽ കോടതി നടപടികൾക്ക് വിധേയ മാകേണ്ടി വരുമെന്നതിനാൽ നാലരക്കോടി രൂപ അടിയന്തരമായി നൽകി വെബ് ഓഫ്സെറ്റ് കളർ മെഷീൻ വാങ്ങാൻ നടപടി സ്വീകരിക്കണം. സാമ്പത്തിക ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് വൺ ടൈം സെറ്റിൽമെന്റായി ധനസഹായം നൽകാനും പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തന മാരംഭിക്കാനും തകർന്നുകൊണ്ടിരിക്കുന്ന സബ് സെന്ററുകളുടെ പ്രവർത്തനം

ശക്തിപ്പെടുത്തുവാനും കഴിയത്തക്ക നിലയിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രി മുൻകൈയെടുത്ത് ബന്ധപ്പെട്ട എം.എൽ.എ.-മാരെ ഉൾപ്പെടെ വിളിച്ചുചേർത്ത് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച നടത്താൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ അബ്ദു റബ്ബ്): കേരള സ്റ്റേറ്റ് അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ് സെന്ററിലെ ആധുനിക രീതിയിലുള്ള യന്ത്ര സംവിധാനങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിന്റെ ഭാഗമായി അത്യാധുനിക ജപ്പാൻ നിർമ്മിത മിത്സുബിഷി മൾട്ടികളർ ഷീറ്റ് ഫെഡ് ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ സ്ഥാപിക്കുകയും മൾട്ടി കളർ വെബ് ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ കെ.എസ്.ഐ.ഇ.-യിൽ നിന്നും വാങ്ങാനുള്ള ടെന്റർ നടപടി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ലോട്ടറി വകുപ്പിൽ നിന്നും തുക ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത മെഷീൻ സി-ആപ്റ്റിൽ സ്ഥാപിക്കും. സംസ്ഥാന ലോട്ടറി വകുപ്പിൽ നിന്ന് നാലരക്കോടി രൂപ വായ്പ ലഭ്യമാക്കിക്കൊണ്ട് പുതിയ ബഹുനില മന്ദിരം നിർമ്മിക്കുന്നതിന് എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയെ ഏൽപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആധുനിക അച്ചടി സൗകര്യങ്ങൾ കൂടി ലഭ്യമാകുന്നതോടുകൂടി സ്ഥാപനത്തിന് ഒരു പരിധിവരെ സ്വയംപര്യാപ്തതയിലെത്താൻ സാധിക്കും. സർക്കാരിന്റെ അച്ചടി ജോലികൾ സി-ആപ്റ്റിനേയും ഏൽപ്പിക്കേണ്ടതാണെന്ന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അച്ചടി ജോലികൾ കൂടുതലായി ഏറ്റെടുത്ത് നടത്താനുള്ള ശ്രമങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ലോട്ടറി ടിക്കറ്റുകളുടെ അച്ചടി പ്രതിവാരം വർദ്ധിപ്പിക്കാനും ഈയിനത്തിൽ വരുമാനം വർദ്ധിപ്പിക്കുവാനും ശ്രമം നടന്നുവരികയാണ്. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജീവനക്കാരെ നിയമിക്കുന്ന സാഹചര്യം

നിലനിൽക്കുന്നുണ്ട്. മുൻകാല ബാധ്യതകൾ തീർപ്പാക്കുന്നതിനായി സി-ആപ്റ്റ് സർക്കാരിനെ സമീപിച്ചിട്ടുണ്ടെങ്കിലും സാമ്പത്തിക പ്രതിസന്ധി കാരണം ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിഞ്ഞിട്ടില്ല.

**(2) പ്രത്യേക കോടതികൾ**

ശ്രീ. കെ.എൻ.എ. ഖാദർ: രാഷ്ട്രീയ കൊലപാതകങ്ങളിൽ കുറ്റം ചെയ്തവരും ചെയ്യിച്ചവരും അതിന് സഹായിച്ചവരും ശിക്ഷിക്കപ്പെടണം. കഴിഞ്ഞ 25 വർഷക്കാലത്തിനിടയിലുണ്ടായ സകല രാഷ്ട്രീയ കൊലപാതക ങ്ങളും അതിനുവേണ്ടി നടത്തിയ ശ്രമങ്ങളും അന്വേഷിക്കപ്പെടണം. കോടതി കളിൽ കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിനാവശ്യമായ സ്റ്റാഫും പശ്ചാത്തലസൗകര്യവും ഏർപ്പെടുത്തണം. രാഷ്ട്രീയ കൊലപാതക കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി സംസ്ഥാനത്ത് പ്രത്യേക കോടതികൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : രാഷ്ട്രീയ കൊലപാതകങ്ങൾക്കു വേണ്ടി പ്രത്യേക കോടതി എന്നുള്ളത് എത്രമാത്രം പ്രായോഗികമാകുമെന്ന കാര്യത്തിൽ സംശയമുണ്ട്. ഇതുപോലുള്ള കേസുകളിൽ കുറ്റവാളികളെ എത്രയുംപെട്ടെന്ന് നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുക എന്ന ആശയം ഉൾക്കൊണ്ടുകൊണ്ട് ഹൈക്കോട തിയുമായി ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്.

## സബ്മിഷൻ

### (1) എയർഇന്ത്യാ എക്സ്പ്രസ്സ് ആസ്ഥാനം

ശ്രീ. വി.ഡി. സതീശൻ : എയർഇന്ത്യാ എക്സ്പ്രസ്സിന്റെ ആസ്ഥാനം കൊച്ചിയിൽ നിന്ന് മാറ്റുവാനുള്ള നീക്കം ഉപേക്ഷിച്ച് ഗവൺമെന്റ് ഏറ്റെടുക്കുന്നതിനും മുന്നറിയിപ്പില്ലാതെ സർവ്വീസുകൾ റദ്ദാക്കുകയും അമിത ചാർജ്ജ് ഈടാക്കുകയും ചെയ്യുന്നതുമൂലം പ്രവാസി മലയാളികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനും നടപടികൾ സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : എയർ ഇന്ത്യാ എക്സ്പ്രസ്സിന്റെ ആസ്ഥാനം കേരളത്തിൽ നിന്ന് മാറ്റാൻ പോകുന്നുവെന്ന് പത്രവാർത്തകൾ വന്നെങ്കിലും ഔദ്യോഗികമായി അറിയിച്ചിട്ടില്ല. തുടർച്ചയായി സർവ്വീസുകൾ റദ്ദാക്കിയും അമിത ചാർജ്ജ് ഈടാക്കിയും വിദേശ മലയാളികളെ ബുദ്ധിമുട്ടിക്കുന്ന എയർ ഇന്ത്യയുടെ നിലപാട് പ്രതിഷേധാർഹമാണ്. ഈ വിഷയം കേന്ദ്ര സിവിൽ ഏവിയേഷൻ മന്ത്രിയെ അറിയിച്ചിട്ടുണ്ടെങ്കിലും എയർ ഇന്ത്യയുടെ ഭാഗത്തുനിന്ന് വേണ്ടത്ര സഹകരണം കിട്ടാതെവന്നപ്പോഴാണ് സംസ്ഥാന ഗവൺമെന്റ് 'എയർ കേരള' എന്ന നിർദ്ദേശം മുന്നോട്ടുവച്ചത്. അതിനായി പ്രത്യേക കമ്പനി രൂപീകരിച്ച് വീണ്ടും അംഗീകാരത്തിനായി ശ്രമിക്കുന്നതാണ്.

### (2) കടൽക്കൊള്ളക്കാർ തട്ടിക്കൊുപോയ മലയാളികളുടെ മോചനം

ശ്രീ. തോമസ് ഉണ്ണിയാടൻ: സൊമാലിയൻ കടൽക്കൊള്ളക്കാർ തട്ടിക്കൊണ്ടുപോയ ഇരിങ്ങാലക്കുട സ്വദേശികളെ മോചിപ്പിക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സോമാലിയൻ കടൽക്കൊള്ളക്കാർ തട്ടിക്കൊണ്ടുപോയവരെ മോചിപ്പിക്കാൻ കേന്ദ്ര കാബിനറ്റ് സബ് കമ്മിറ്റിയും ഉദ്യോഗസ്ഥതല കമ്മിറ്റിയും നൽകിയിട്ടുള്ള ശുപാർശ കേന്ദ്ര സർക്കാർ പരിശോധിച്ചുവരികയാണ്. അവരെ എത്രയും വേഗം മോചിപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## (3) സബ്കോടതി

ശ്രീ. കെ. രാജു: പുനലൂരിൽ സബ് കോടതിയുടെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഹൈക്കോടതിയുടെ ശുപാർശയിലെ മുൻഗണനാക്രമത്തിലുള്ള ദേവികുളം, ചാവക്കാട് എന്നീ കോടതികളുടെ കാര്യം പരിഗണിക്കുന്ന മുറയ്ക്ക് പുനലൂർ സബ് കോടതിയുടെ കാര്യവും പരിഗണിക്കുന്നതാണ്.

## (4) കുടിയിറക്ക് ഭീഷണി

ശ്രീ. റോഷി അഗസ്റ്റിൻ: ഇടുക്കി, കഞ്ഞിക്കുഴി വില്ലേജുകളിലുൾപ്പെട്ട കർഷക കുടുംബങ്ങൾ നേരിടുന്ന കുടിയിറക്ക് ഭീഷണിക്ക് പരിഹാരം കാണുകയും വനം വകുപ്പ് ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുള്ള കുടിയൊഴിപ്പിക്കൽ ലിസ്റ്റ് പുനഃപരിശോധിച്ച് 01-01-1977-ന് മുമ്പ് ഭൂമി കൈവശംവച്ച് കൃഷി ചെയ്തുവരുന്നവരെ ഒഴിവാക്കുകയും വേണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഇടുക്കി, കഞ്ഞിക്കുഴി വില്ലേജുകളിലുൾപ്പെട്ട തട്ടേക്കണ്ണി പ്രദേശത്ത് 01-01-1977-ന് മുമ്പ് കുടിയേറിയ കർഷക കുടുംബങ്ങളെ ഒഴിപ്പിക്കുന്നതിന് സർക്കാർ യാതൊരു

നടപടിയും സ്വീകരിക്കുകയില്ലെന്ന് മാത്രമല്ല, ഇതുസംബന്ധിച്ച് നിലനിൽക്കുന്ന ആശങ്കകൾക്ക് ശാശ്വത പരിഹാരം കാണുകയും ചെയ്യും.

**(5) <u>പനനാര് സംസ്ക്കരണ കേന്ദ്രം</u>**

<u>ശ്രീ. എ.കെ. ബാലൻ</u>: തരൂർ നിയോജകമണ്ഡലത്തിലെ കാവശ്ശേരി പഞ്ചായത്തിലെ കല്ലേപ്പുള്ളി പനനാര് സംസ്ക്കരണ കേന്ദ്രത്തിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിച്ച് പ്രവർത്തനം ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (<u>ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി</u>): കല്ലേപ്പുള്ളി പനനാര് സംസ്ക്കരണ കേന്ദ്രത്തിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിച്ച് സ്ഥാപനം പ്രവർത്തിപ്പിക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

**(6) <u>വാഗൺ ഫാക്ടറി</u>**

<u>ശ്രീ. പി. തിലോത്തമൻ:</u> കേന്ദ്ര റെയിൽവേ വകുപ്പുമായി ചേർന്ന് ചേർത്തല ഓട്ടോകാസ്റ്റിൽ വാഗൺ ഫാക്ടറി ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):</u> റെയിൽവേയും ഓട്ടോകാസ്റ്റും ചേർന്ന് വാഗൺ ഫാക്ടറി സ്ഥാപിക്കുന്നതിന് സാദ്ധ്യതയുണ്ടോ എന്ന് പരിശോധിക്കുന്നതാണ്.

**(7) <u>താപ വൈദ്യുത നിലയം</u>**

<u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ):</u> ചീമേനിയിൽ ഗ്യാസിൽനിന്നും 1200 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാൻ കഴിയുന്ന പദ്ധതിയുടെ നിർമ്മാണ പ്രവർത്തനമാരംഭിക്കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യയുടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് നോഡൽ ഏജൻസിയായ വ്യവസായ വകുപ്പിന് ചെയ്യാൻ കഴിയുന്ന എല്ലാ കാര്യങ്ങളും ചെയ്തിട്ടുണ്ട്. കേന്ദ്ര ഗവണ്മെന്റിന്റെ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് ഉപയോഗിച്ചാണ് പ്രവൃത്തി നടത്താൻ തീരുമാനിച്ചിരിക്കുന്നത്. പരിസ്ഥിതി പഠനം നടത്തിക്കഴിഞ്ഞിട്ടുണ്ട്.

### (8) മൂന്നാർ ഹൈഡൽ ടൂറിസം പ്രോജക്ട്

ശ്രീ. എസ്. രാജേന്ദ്രൻ: മൂന്നാർ ഹൈഡൽ ടൂറിസം പ്രോജക്ടിൽ താത്ക്കാലിക സെക്യൂരിറ്റി ജീവനക്കാരനെ സ്ഥലം മാറ്റിയ നടപടി പിൻവലിക്കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): മാട്ടുപ്പെട്ടിയിൽ വിനോദ സഞ്ചാരത്തിന് എത്തിയ ഒരു സ്ത്രീയോട് അപമര്യാദയായി പെരുമാറിയതുസംബന്ധിച്ച പരാതി വനിതാ എക്സിക്യൂട്ടീവ് എഞ്ചിനീയറും മറ്റൊരു കമ്മിറ്റിയും നടത്തിയ അന്വേഷണത്തിൽ സത്യമാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് മൂന്നാർ ഹൈഡൽ ടൂറിസം പ്രോജക്ടിലെ താത്ക്കാലിക ജീവനക്കാരനെ സ്ഥലം മാറ്റിയിട്ടുള്ളത്.

### (9) മാസ് റാപ്പിഡ് ട്രാഫിക് സിസ്റ്റം

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: കണ്ണൂർ നഗരത്തിൽ എൽ.ആന്റ് ടി-യെക്കൊണ്ട് മാസ് റാപ്പിഡ് ട്രാഫിക് സിസ്റ്റം നടപ്പിലാക്കുന്നതിനുള്ള പഠനം നടത്താൻ നടപടി സ്വീകരിക്കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): കണ്ണൂരിൽ മാസ് റാപ്പിഡ് ട്രാഫിക് സിസ്റ്റം നടപ്പിലാക്കുന്ന കാര്യം സർക്കാർ

പരിഗണിച്ചിട്ടില്ല. നാറ്റ്പാക്കിന്റെ സഹായത്തോടെ പ്രസ്തുത വിഷയം സംബന്ധിച്ച് പഠനം നടത്താൻ നടപടി കൈക്കൊള്ളുന്നതാണ്.

## (10) വാഹനാപകടങ്ങൾ

ശ്രീ. ചിറ്റയം ഗോപകുമാർ : സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങൾ ഒഴിവാക്കുന്നതിന് മോട്ടോർ വാഹന വകുപ്പിന്റെ എൻഫോഴ്സ്മെന്റ് സ്ക്വാഡിന്റെ പ്രവർത്തനം ശക്തിപ്പെടുത്താനും ടി.പി. സെൻകുമാർ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ അടിയന്തരമായി നടപ്പിലാക്കാനും കാര്യക്ഷമമായ നടപടി സ്വീകരിക്കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : ടി.പി. സെൻകുമാർ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ ഘട്ടംഘട്ടമായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. 17 സ്ക്വാഡുകൾ രൂപീകരിക്കുകയും ഉദ്യോഗസ്ഥ നിയമനം നടത്തുകയും പുതിയ ഏഴ് സബ് ആർ.ടി.ഒ.-കൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 2004 മുതൽ സി. ആന്റ് എ.ജി. ചൂണ്ടിക്കാണിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ അപകടങ്ങൾ ഒഴിവാക്കാനും നികുതി വർദ്ധിപ്പിക്കാനും കഴിയുന്നവിധത്തിൽ റീസ്ട്രക്ച്ചറിംഗ് നടത്തിവരികയാണ്. റോഡപകടങ്ങൾ കുറയ്ക്കുന്നതിന് മണ്ണുത്തി മുതൽ ചേർത്തല വരെ ക്യാമറകൾ ഘടിപ്പിക്കുന്നതും എറണാകുളത്തും തിരുവനന്തപുരത്തും കൺട്രോൾ റൂമുകൾ സജ്ജീകരിക്കുന്നതുമാണ്. ധനകാര്യ വകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് ഉദ്യോഗസ്ഥ നിയമന കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

## (11) കോഴിക്കോട് സിവിൽ സർവ്വീസ് അക്കാദമി

ശ്രീ. എ. പ്രദീപ് കുമാർ: കോഴിക്കോട് സിവിൽ സർവ്വീസ് അക്കാദമി സ്ഥാപിക്കുന്നതിന് പി.ഡബ്ല്യൂ.ഡി.-യുടെ സ്ഥലം വിദ്യാഭ്യാസ വകുപ്പിന് കൈമാറാനും കെട്ടിട നിർമ്മാണവും താൽക്കാലിക ക്ലാസ്സുകളും ആരംഭിക്കാനുമാവശ്യമായ നടപടിയുണ്ടാകണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): 29-05-2008-ലെ ഉത്തരവുപ്രകാരം കോഴിക്കോട് ജില്ലയിൽ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ സബ് സെന്റർ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നുവെങ്കിലും സ്ഥലം ലഭ്യമല്ലാത്തതിനാൽ പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിരുന്നില്ല. ആവശ്യമായ സ്ഥലം സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യുക്കേഷൻ കേരളയ്ക്ക് പൂർണ്ണമായും കൈമാറ്റം ചെയ്തുകിട്ടിയാലുടൻ സിവിൽ സർവ്വീസ് അക്കാദമിയുടെ കെട്ടിട നിർമ്മാണവും പ്രവർത്തനവും ആരംഭിക്കുന്നതാണ്

## (12) അദ്ധ്യാപക പാക്കേജിലെ അപാകത

ശ്രീ. എ. റ്റി. ജോർജ് : കേരള സർക്കാർ നടപ്പിലാക്കിയ അദ്ധ്യാപക പാക്കേജിൽ സീനിയോറിറ്റി പട്ടികയിൽ നിന്നും ഒഴിവാക്കിയ 51 (എ) അവകാശികളായ അദ്ധ്യാപകരെക്കൂടി ടീച്ചേഴ്സ് ബാങ്കിൽ ഉൾപ്പെടുത്തി നിയമനം ലഭ്യമാക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): കേരള വിദ്യാഭ്യാസ ചട്ടപ്രകാരം നിയമനാംഗീകാരം ലഭിക്കുന്ന എല്ലാ അദ്ധ്യാപകരേയും ചട്ടം 51 (എ) പ്രകാരമുള്ള പുനർനിയമനത്തിനായി പാക്കേജിലുൾപ്പെടുത്താൻ കഴിയുകയില്ല. ഓരോ സ്കൂളിലും തയ്യാറാക്കുന്ന

സ്കൂൾതല സീനിയോറിറ്റി ലിസ്റ്റിൽ ഇവരെ ഉൾപ്പെടുത്തുന്നതും അദ്ധ്യാപക/വിദ്യാർത്ഥി അനുപാതം കുറയ്ക്കുമ്പോൾ അവരുടെ സ്കൂളുകളിൽ പുതിയതായി സൃഷ്ടിക്കപ്പെടുന്ന തസ്തികകളിൽ പ്രസ്തുത ലിസ്റ്റിലെ മുൻഗണനപ്രകാരം ഇവർക്ക് നിയമനം സാധ്യമാകുന്നതുമാണ്.

**(13) പാസ്പോർട്ട് വെരിഫിക്കേഷനിലെ കാലതാമസം**

ശ്രീ. എം. ഉമ്മർ: പാസ്പോർട്ട് വെരിഫിക്കേഷനിലെ കാലതാമസം ഒഴിവാക്കാനും താമസസ്ഥലം മാറിയെന്നതിന്റെ പേരിൽ വിവാഹതിരായ പെൺകുട്ടികളുടെ അപേക്ഷകളിന്മേൽ ശുപാർശ ചെയ്യാതിരിക്കുന്ന സ്ഥിതിക്ക് മാറ്റം  വരുത്താനും കഴിയണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : പാസ്പോർട്ട് സേവാ കേന്ദ്രങ്ങൾ മുഖേന സമർപ്പിക്കുന്ന അപേക്ഷകളിൽ ജനിച്ച കാലം മുതൽ അപേക്ഷ നൽകുന്ന കാലം വരെ താമസിച്ചുവരുന്ന സ്ഥലങ്ങൾ രേഖപ്പെടുത്തണമെന്ന് നിബന്ധനയുണ്ട്. ജനിച്ച വീടിന്റേയും വിവാഹം കഴിപ്പിച്ച വീടിന്റേയും അഡ്രസ്സിൽ നേറ്റിവിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിന് നിയമപരമായി അവകാശമുണ്ട്. നിലവിലുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**(14) ഫയർ സ്റ്റേഷൻ**

ശ്രീ. ഇ. ചന്ദ്രശേഖരൻ: പ്രാഥമിക സൗകര്യങ്ങൾ ഉൾപ്പെടെയുള്ള കെട്ടിട സൗകര്യം ഏർപ്പെടുത്തിയും ഫയർ സ്റ്റേഷന്റെ വിപുലമായ പ്രവർത്തന മേഖല കണക്കിലെടുത്ത് ആംബുലൻസും മറ്റ് ആധുനിക ഉപകരണങ്ങളും ലഭ്യമാക്കിയും കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിൽ പ്രവർത്തിക്കുന്ന ഫയർ സ്റ്റേഷന്റെ ദയനീയാവസ്ഥയ്ക്ക് പരിഹാരം കാണണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ഇക്കാര്യത്തിനായി പി.ഡബ്ള്യു.ഡി. തയ്യാറാക്കിയ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് രണ്ടരക്കോടി രൂപയാണ്. സോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ലഭ്യമാക്കിയാലുടൻ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതും കെട്ടിട നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്. നടപ്പ് വർഷത്തെ ബഡ്ജറ്റിൽ കാഞ്ഞങ്ങാട് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി ഒരുലക്ഷത്തി ആറായിരം രൂപ വക കൊള്ളിച്ചിട്ടുണ്ട്.

## (15) കുടിവെള്ള പദ്ധതി

ശ്രീ. എം. ചന്ദ്രൻ: ആലത്തൂർ നിയോജകമണ്ഡലത്തിലെ മംഗലം ഡാം കുടിവെള്ള പദ്ധതി അടിയന്തരമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): മംഗലം ഡാം സ്രോതസ്സായി വടക്കഞ്ചേരി, കിഴക്കഞ്ചേരി, വണ്ടാഴി എന്നീ ഗ്രാമപഞ്ചായത്തുകൾക്കുവേണ്ടി രൂപകൽപന ചെയ്ത കുടിവെള്ള പദ്ധതിക്കാവശ്യമായ സ്രോതസ്സും ജലലഭ്യതയും ഉറപ്പുവരുത്താനായി ഇറിഗേഷൻ വകുപ്പും വാട്ടർ അതോറിറ്റി പ്രോജക്ട് ഡിവിഷനും സംയുക്തമായി നടത്തിയ ഇൻവെസ്റ്റിഗേഷന്റെ അടിസ്ഥാനത്തിൽ മംഗലം ഡാമിനുസമീപം 250 മീറ്റർ താഴെ ഒരു ചെക്ക് ഡാം പണിത് വെള്ളം എടുക്കുന്നതിനുള്ള പുതിയ നിർദ്ദേശം ജല അതോറിറ്റിയുടേയും ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റേയും പരിഗണനയിലാണ്.

## (16) താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച്

ശ്രീ. അൻവർ സാദത്ത്: ജലവിഭവ വകുപ്പിൽ പത്തുവർഷത്തിലധികം സർവ്വീസുള്ള എച്ച്.ആർ./സി.എൽ.ആർ വിഭാഗം താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): ജലവിഭവ വകുപ്പിലെ സി.എൽ.ആർ/എച്ച്.ആർ./എസ്.എൽ.ആർ. ജീവനക്കാരുടെ സ്ഥിരപ്പെടുത്ത ലിന് അർഹരായവരുടെ ലിസ്റ്റ് ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

## (17) തിരുവല്ല ബൈപ്പാസ്

ശ്രീ. മാത്യു. ടി. തോമസ് : തിരുവല്ല പട്ടണത്തിലെ രൂക്ഷമായ ഗതാഗത പ്രശ്നം പരിഹരിക്കുന്നതിന് സ്ഥലം ഏറ്റെടുത്ത് ടെൻഡർ നടപടികൾ പൂർത്തീകരിച്ച് കെ.എസ്.റ്റി.പി.-യോ പി.ഡബ്ള്യൂ.ഡി.-യോ മുഖേന ബൈപ്പാസ് നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): രൂക്ഷ മായ ഗതാഗതക്കുരുക്ക് ഒഴിവാക്കാനായി കെ.എസ്.ടി.പി.-യുടെ രണ്ടാം ഘട്ടത്തിൽപ്പെടുത്തി തിരുവല്ല ബൈപ്പാസിന്റെ നിർമ്മാണം നടത്താൻ തീരുമാ നിച്ചിട്ടുണ്ട്. ഡി.എൽ.പി.സി. നിശ്ചയിച്ച വില ഫെയർ വാല്യൂവിനേക്കാൾ കുറവായതുകൊണ്ട് സ്ഥലമെടുപ്പ് നടപടികളും രജിസ്ട്രേഷൻ നടപടികളും പൂർത്തിയായിട്ടില്ല. രജിസ്ട്രേഷൻ എത്രയുംവേഗം പൂർത്തീകരിക്കാനാവ ശ്യമായ നടപടി സ്വീകരിച്ചുവരുന്നു. ഒക്ടോബർ മാസത്തോടുകൂടി ടെന്റർ നടപടികൾ ആരംഭിക്കാൻ കഴിയും.

## (18) കരമന-കളിയിക്കാവിള റോഡ്

ശ്രീ. ആർ. സെൽവരാജ്: ദേശീയപാത 47-ന്റെ കരമന മുതൽ കളിയിക്കാവിള വരെയുള്ള റോഡിന്റെ വീതി വർദ്ധിപ്പിച്ച് ഗതാഗതക്കുരുക്കും യാത്രാക്ലേശവും പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കരമന-കളിയിക്കാവിള റോഡിന്റെ വീതി കൂട്ടുന്നതിന് ഭൂമി ഏറ്റെടുക്കുന്ന പ്രശ്നങ്ങൾ പരിഹരിച്ച് എത്രയുംവേഗം ദേശീയപാത വികസനം പ്രാവർത്തികമാക്കാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. 16-07-2012-ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഹൈലെവൽ കമ്മിറ്റി ഭൂമി ഏറ്റെടുക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കല്ലിട്ട ഭാഗങ്ങൾ പൊതുമരാമത്ത്-റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ സംയുക്ത പരിശോധന നടത്തി വരികയാണ്.

## (19) പേരൂർക്കട ജില്ലാ മോഡൽ ആശുപത്രി

ശ്രീ. കെ. മുരളീധരൻ: സർക്കാർ മേൽനോട്ടച്ചുമതല വഹിച്ച് പേരൂർക്കട ജില്ലാ മോഡൽ ആശുപത്രിയുടെ നിലവാരത്തകർച്ച പരിശോധിക്കാനും ആശുപത്രി ഭരണവും പ്രവർത്തനവും മെച്ചപ്പെടുത്താനും പുതിയ ബ്ലോക്കിന്റെ നിർമ്മാണം എത്രയുംവേഗം പൂർത്തീകരിച്ച് ഒരു സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കായി വികസിപ്പിക്കാനും നടപടി സ്വീകരിക്കണം. പനി ബാധിച്ച് ചികിത്സ തേടിയ ഒരു കുഞ്ഞ് മരിക്കാനിടയായ സംഭവത്തെക്കുറിച്ചും 18-07-2012-ന് രാവിലെ 9 മണി കഴിഞ്ഞിട്ടും ഒ.പി.-യിൽ ഡോക്ടർമാർ എത്താത്തതിനെക്കുറിച്ചും അന്വേഷിച്ച് നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): കേരള പഞ്ചായത്ത്രാജ് നിയമപ്രകാരം തിരുവനന്തപുരം പേരൂർക്കട ജില്ലാ മോഡൽ ആശുപത്രിയെ ജില്ലാ പഞ്ചായത്തിന്റെ ഭരണനിയന്ത്രണത്തിലാക്കി ഉത്തരവായിട്ടുണ്ട്. ഈ ആശുപത്രിയിൽ 35 ഡോക്ടർമാരെ കൂടാതെ 7 ഡോക്ടർമാർ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ജോലി ചെയ്യുന്നുണ്ട്. പനിബാധിച്ച് മരിച്ച ആരതി എന്ന കുട്ടിയുടെ പോസ്റ്റ്മോർട്ടം റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. 18-07-2012-നുണ്ടായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പേരൂർക്കട മോഡൽ ആശുപത്രിയെ ജില്ലാ ആശുപത്രിയുടെ നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള നടപടികൾ ഘട്ടം ഘട്ടമായി സ്വീകരിക്കുന്നതാണ്.

## (20) സർജിക്കൽ ഇംപ്ലാന്റുകളുടെ വിതരണം

ശ്രീ. ടി.എൻ. പ്രതാപൻ: വില്പനയുടെ പേരിൽ നടക്കുന്ന തട്ടിപ്പ് ഒഴിവാക്കാൻ സർജിക്കൽ ഇംപ്ലാന്റുകളുടെ വിതരണം സർക്കാർ ഏറ്റെടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർജിക്കൽ ഇംപ്ലാന്റുകളുടെ വിതരണത്തിൽ നടക്കുന്ന തട്ടിപ്പുകൾ നിയന്ത്രിക്കുന്നതിന് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഒരു ന്യായവില ഷോപ്പ് ആരംഭിച്ചിട്ടുണ്ട്. കൂടാതെ കാരുണ്യ മെഡിക്കൽ സെന്റർ, പേയിംഗ് കൗണ്ടർ എന്നിവ വഴി ഇവ ലഭ്യമാക്കുന്ന കാര്യവും പരിഗണിക്കുന്നതാണ്. ഇക്കാര്യത്തിൽ രോഗികൾക്കുണ്ടാകുന്ന

ബുദ്ധിമുട്ടിന് പരിഹാരം കാണുന്നതിനും സ്വകാര്യ കമ്പനികളെ സഹായി ക്കുന്ന ഡോക്ടർമാരെ നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

### (21) ബി.എസ്.സി. എം.എൽ.റ്റി. കോഴ്സ്

ശ്രീ. എ. കെ. ശശീന്ദ്രൻ: കോഴിക്കോട് മെഡിക്കൽ കോളേജിൽ ബി.എസ്.സി.-എം.എൽ.റ്റി. കോഴ്സ് ഫലപ്രദമായി നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ 2009-10 അദ്ധ്യയന വർഷം മുതൽ ആരംഭിച്ച ബി.എസ്.സി.-എം.എൽ.റ്റി. കോഴ്സ് നടത്തിപ്പിന് ആവശ്യമായ അദ്ധ്യാപക തസ്തിക സംബന്ധിച്ച് ധനകാര്യവകുപ്പ് ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ അടിയന്തരമായി നൽകുവാൻ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകി യിട്ടുണ്ട്. ലാബ്, ക്ലാസ്മുറികൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾക്കുള്ള പ്രൊപ്പോസൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിക്കുന്ന മുറയ്ക്ക് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

### (22) എച്ച്1എൻ1 പനിക്കുള്ള പ്രതിരോധ പ്രവർത്തനങ്ങൾ

ശ്രീ. എം. ഹംസ: ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ എച്ച്1എൻ1 പനി ബാധിച്ച് മൂന്നുപേർ മരണപ്പെട്ടതുമൂലം ജനങ്ങൾക്കുണ്ടായിരിക്കുന്ന ഭീതിയക റ്റുന്നതിനും മരിച്ചുപോയവരുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): എച്ച്1എൻ1 പനിബാധിച്ച ഗർഭിണിയായ സ്മിത,

അനിൽകുമാർ എന്നിവർ തൃശ്ശൂർ മെഡിക്കൽ കോളേജാശുപത്രിയിൽ മരണപ്പെട്ടതിനെത്തുടർന്ന് പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഫീൽഡ് ജീവനക്കാർ ടി രോഗികളുടെ വീട്ടിലും പരിസരപ്രദേശങ്ങളിലും രോഗ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തുകയും രോഗവിവരം പ്രത്യേകം രേഖപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിലും മരുന്നിന്റെ ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്. ജനങ്ങൾക്കാവശ്യമായ ബോധവൽക്കരണം നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനായി പ്രാദേശിക ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരുടെ യോഗം വിളിച്ചു ചേർക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. മരിച്ചവരുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനെക്കുറിച്ച് മുഖ്യമന്ത്രിയുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം

(1) സബ്ജക്ട് കമ്മിറ്റി XII-ന്റെ 2011-2012-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) ഹർജികൾ സംബന്ധിച്ച സമിതിയുടെ രണ്ടും മൂന്നും റപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(3) പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(4) പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(5) മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## അറിയിപ്പ്

മി. സ്പീക്കർ: ഇന്ന് സഭ മുമ്പാകെ വരുന്ന 2012-ലെ കേരള സംസ്ഥാന സേവനാവകാശ ബിൽ സംബന്ധിച്ച് നിയമസഭാ സെക്രട്ടേറിയറ്റിലെ റിസർച്ച് വിഭാഗം തയ്യാറാക്കിയ ബാക്ക്ഗ്രൗണ്ട് മെറ്റീരിയൽ അംഗങ്ങൾക്ക് എത്തിച്ചിട്ടുണ്ട്. അത് സഭയിൽ നടക്കുന്ന ചർച്ചകൾക്ക് സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഭാവിയിലും പ്രധാനപ്പെട്ട ബില്ലുകൾക്ക് ബാക്ക്ഗ്രൗണ്ട് മെറ്റീരിയൽ തയ്യാറാക്കി വിതരണം ചെയ്യുന്ന കാര്യത്തിൽ നിയമസഭാ സെക്രട്ടേറിയറ്റ് ശ്രദ്ധിക്കുന്നതാണ്.

## നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

### (1) 2012-ലെ കേരള സംസ്ഥാന സേവനാവകാശ ബിൽ

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): 2012-ലെ കേരള സംസ്ഥാന സേവനാവകാശ ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): 2012-ലെ കേരള സംസ്ഥാന സേവനാവകാശ ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാംനമ്പർ

സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): പ്രമേയത്തെ പിന്താങ്ങുന്നു.

**ക്രമപ്രശ്നം**

**ബിൽ മാതൃഭാഷയിൽ അവതരിപ്പിക്കേണ്ടത് സംബന്ധിച്ച്**

ശ്രീ. പാലോട് രവി: ഭേദഗതി നിയമങ്ങളൊഴികെയുള്ള എല്ലാ പുതിയ നിയമങ്ങളും അവതരിപ്പിക്കുന്നത് മാതൃഭാഷയിലായിരിക്കണമെന്ന് ചട്ടം 69(2) അനുസരിച്ച് റൂളിംഗ് ഉണ്ടായിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഇവിടെ പ്രകടിപ്പിച്ച വികാരത്തോട് യോജിക്കുന്നു. 2012-ലെ കേരള സംസ്ഥാന സേവനാവകാശ നിയമം ഈ നിയമസഭാ സമ്മേളന കാലയളവിൽത്തന്നെ അവതരിപ്പിച്ച് പാസ്സാക്കണമെന്ന് നിർബന്ധമുണ്ടായിരുന്നതുകൊണ്ട് പ്രത്യേക സാഹചര്യത്തിലാണ് ബിൽ ഇംഗ്ലീഷിൽ കൊണ്ടുവരേണ്ടിവന്നിട്ടുള്ളത്. 69(3) അനുശാസിക്കുന്ന പ്രകാരം സ്പീക്കറുടെ അനുമതി ലഭിച്ചശേഷമാണ് ഇംഗ്ലീഷിൽ അവതരിപ്പിച്ചിട്ടുള്ളത്. ബി.എ.സി.-യിൽ ചർച്ച ചെയ്യുന്ന സമയത്ത് ബില്ലിന്റെ ഇംഗ്ലീഷ് വേർഷൻ മാത്രമേ റെഡിയായിരുന്നുള്ളൂ. എന്നാൽ ഇപ്പോൾ എല്ലാ മെമ്പർമാർക്കും ബില്ലിന്റെ മലയാളം തർജ്ജിമയും സർക്കുലേറ്റ് ചെയ്തിട്ടുണ്ട്.

മി. സ്പീക്കർ: 2012-ലെ കേരള സംസ്ഥാന സേവനാവകാശ ബിൽ ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നതിന് മുഖ്യമന്ത്രി ചെയറിന്റെ അനുമതി തേടുകയും ചെയർ അനുവദിക്കുകയും ചെയ്തിട്ടുള്ളതാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ജനങ്ങൾക്കുവേണ്ടിയാണ് ഈ ഗവൺമെന്റ് എന്ന ധാരണയുണ്ടാക്കിക്കൊണ്ട് ജനങ്ങൾക്ക് ലഭിക്കേണ്ട സേവനം യഥാസമയം കാര്യക്ഷമതയോടെ എത്തിച്ചുകൊടുക്കുക എന്നുള്ള താണ് ഈ ബിൽ കൊണ്ടുദ്ദേശിക്കുന്നത്. അതിന് വിരുദ്ധരായി പ്രവർത്തി ക്കുന്ന ഉദ്യോഗസ്ഥരെ നിയമത്തിനുമുന്നിൽ കൊണ്ടുവരാനും നിയമത്തിൽ വ്യവസ്ഥയുണ്ട്. ഈ നിയമം സംബന്ധിച്ച എനേബ്ലിംഗ് പ്രൊവിഷൻ നോട്ടിഫിക്കേഷനിൽകൂടിയാണ് വരുന്നത്. എല്ലാ സർവ്വീസ് സംഘടനകളു മായും ചർച്ച ചെയ്ത് അവരെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ട് അവരുടെ സഹകരണം തേടിക്കൊണ്ടുമാണ് ഈ നിയമം നടപ്പിലാക്കാൻ ഉദ്ദേശി ക്കുന്നത്. ഈ നിയമം പ്രാബല്യത്തിൽ വരുന്നതോടുകൂടി വിവിധ സർട്ടിഫി ക്കറ്റുകൾ കിട്ടാനുണ്ടാകുന്ന കാലതാമസമുൾപ്പെടെയുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കപ്പെടും. അതിന് ഈ സഭയുടെ സഹകരണവും പിൻതുണയും പ്രതീക്ഷിക്കുന്നു.

ശ്രീ. ടി.എ. അഹ്മദ് കബീർ: 2012-ലെ കേരള സംസ്ഥാന സേവനാ വകാശ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-09-2012 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളത്തിലെ ജനങ്ങൾ ഇത്തരത്തിലൊരു നിയമം പ്രതീക്ഷയോടുകൂടി കാത്തിരിക്കു കയാണ്. ഈ നിയമനിർമ്മാണത്തിന് ഇത്രയും കാലതാമസം വന്നത് നിർഭാഗ്യകരമാണ്. സേവനങ്ങൾ വിജ്ഞാപനം ചെയ്യുന്നതിനുള്ള സമയ പരിധി ആറുമാസമെന്നുള്ളത് മൂന്നുമാസമായി ചുരുക്കണം. പുതിയ ആശയമെന്ന നിലയിൽ ഈ നിയമനിർമ്മാണത്തെക്കുറിച്ച് ഉദ്യോഗസ്ഥ തലത്തിൽ ചർച്ചചെയ്യണം. ജനങ്ങളുടെ അപേക്ഷകളിൽ സമയബന്ധിതമായി

തീർപ്പുകൽപ്പിക്കാത്തത് ഒരു മനുഷ്യാവകാശ ലംഘനമായി ഉദ്യോഗസ്ഥർ കരുതണം. വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ഫൈൻ ഏർപ്പെടുത്തുന്നതുകുടാതെ അക്കാര്യം സർവ്വീസ് റിക്കോർഡ്സിൽ രേഖപ്പെടുത്തണമോ എന്നും ആലോചിക്കണം. അപേക്ഷകൻ സമർപ്പിക്കേണ്ട മതിയായ രേഖയുടെ അഭാവത്തിൽ മറുപടി കൊടുക്കാൻ കഴിഞ്ഞില്ല എന്ന കാരണത്താൽ ആ ഉദ്യോഗസ്ഥൻ ശിക്ഷിക്കപ്പെടാൻ പാടില്ല. നല്ല പെർഫോമൻസ് കാഴ്ചവയ്ക്കുന്ന ഉദ്യോഗസ്ഥന് അവാർഡും ഏർപ്പെടുത്താവുന്നതാണ്. ജനങ്ങളുടെ പരാതികളുടെ പരിഹാരത്തിന് വേഗതയും വ്യക്തതയും വേണം. ഇതെല്ലാം മോണിറ്റർ ചെയ്യാൻ ശക്തമായ എൻഫോഴ്സ്മെന്റ് ആവശ്യമാണ്. എല്ലാ ഓഫീസിലും യോഗ്യതയുള്ള ഉദ്യോഗസ്ഥരെയും ആവശ്യമായ സംവിധാനവും ഉറപ്പുവരുത്താൻ ഈ നിയമം വഴി ഗവൺമെന്റ് ബാധ്യസ്ഥമായിരിക്കുകയാണ്. ഉദ്യോഗസ്ഥർ സമൂഹത്തിന്റെ ഭാഗമാണെന്നും അവർക്ക് താങ്ങാൻ കഴിയുന്ന ജോലിഭാരം മാത്രം നൽകുക എന്നുള്ളത് ഭരണകൂടത്തിന്റെ ബാധ്യതയാണെന്നും തിരിച്ചറിയണം. പല ഓഫീസുകളിലും തസ്തികകളുടെ പുനർവിന്യാസമടക്കമുള്ള മുന്നൊരുക്കങ്ങൾ നടത്തുന്നതിനോടൊപ്പം ചില സ്ഥാപനങ്ങളുടെ സംയോജനവും വേണ്ടിവരും. സ്റ്റാറ്റ്യൂട്ടറി, നോൺ സ്റ്റാറ്റ്യൂട്ടറിയായ കാര്യങ്ങൾ സേവനാവകാശ നിയമത്തിന്റെ നിർവ്വചനത്തിൽ കൊണ്ടുവന്ന് നിയമനിർമ്മാണം നടപ്പിലാക്കണം.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: 2012-ലെ കേരള സംസ്ഥാന സേവനാവകാശ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ജനാധിപത്യ സംവിധാനം ശക്തിപ്പെടുത്താനുതകുന്ന സേവനാവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാ

ക്കുന്നത് സ്വാഗതാർഹമാണ്. ജനങ്ങൾക്ക് അർഹതപ്പെട്ട കാര്യങ്ങളിൽ തീർപ്പു കൽപ്പിക്കാനുള്ള ഒരു സമിതിയും ബോഡിയും നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തി അതുസംബന്ധിച്ച നിയമനരീതിയും അധികാരങ്ങളും വ്യവസ്ഥ ചെയ്യണം. സർക്കാർ ആഫീസിൽനിന്ന് ജനങ്ങൾക്ക് കിട്ടേണ്ട രേഖകൾ പലതും കാലതാമസം കൂടാതെ ഇപ്പോൾതന്നെ ലഭ്യമാകുന്നതിനാൽ ഇത്തരം ഒരു നിയമനിർമ്മാണം നടത്തുന്നതിൽ അർത്ഥമില്ല. സെക്രട്ടേറിയറ്റിനെ നിയമത്തിന്റെ പരിധിയിൽനിന്നും ഒഴിവാക്കിയത് പരിശോധിക്കണം. സർക്കാർ ആഫീസുകളിൽ ഉദ്യോഗസ്ഥരുടെ എണ്ണം കുറയ്ക്കുമ്പോൾ രേഖകൾ കൃത്യമായി നൽകാൻ സർക്കാർ ആഫീസുകളിൽ ആവശ്യത്തിന് ജീവനക്കാരെ നൽകി ആധുനികവൽക്കരിക്കുകയും പശ്ചാത്തല സൗകര്യമൊരുക്കുകയും ചെയ്തുകൊണ്ടുമാത്രമേ നിയമം നടപ്പിലാക്കാവൂ. സർക്കാർ പ്രഖ്യാപിക്കുന്ന പദ്ധതികളുടെ ഗുണഫലം സാധാരണക്കാരന് കൃത്യമായി കിട്ടുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് നിയമത്തിൽ വ്യവസ്ഥ ചെയ്യുണം. സേവനാവകാശ നിയമം നടപ്പിലാക്കിയ സംസ്ഥാനങ്ങൾ മന്ത്രിമാരേയും മന്ത്രിമാരുടെ ഓഫീസുകളേയും നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ ആലോചിക്കുന്നു എന്ന കാര്യം പ്രസക്തമാണ്. സർക്കാർ സംവിധാനത്തിലെ മുകൾത്തട്ട് മുതൽ താഴെത്തട്ടുവരെയുള്ള ജീവനക്കാർ സേവനാവകാശ നിയമത്തിന്റെ പരിധിയിൽ വന്നാൽ മാത്രമേ ജനാധിപത്യ സംവിധാനം ശക്തിപ്പെടുകയുള്ളൂ. വീഴ്ച വരുത്തുന്നവർക്കെതിരെ തീരുമാനം എടുക്കുന്ന ഫസ്റ്റ് അപ്പലേറ്റ് അതോറിറ്റിക്കുതന്നെ നടപടി എടുക്കുന്നതിനുള്ള അധികാരവും നിയമത്തിൽ വ്യവസ്ഥ ചെയ്യണം. സാധാരണക്കാരന് സർക്കാർ ആഫീസുകളിൽനിന്നും കിട്ടേണ്ട സർട്ടിഫിക്കറ്റുകളും മറ്റും ലഭ്യമാക്കുക എന്നത് മാത്രമാണ് ഈ ബില്ലിലൂടെ ഉറപ്പുവരുത്തുന്നത്. ഗവണ്മെന്റ് പ്രഖ്യാപിക്കുന്ന പദ്ധതികളും

നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതുണ്ട്. സാധാരണക്കാരന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാതെ സേവനാവകാശ നിയമം നടപ്പിലാക്കിയതുകൊണ്ട് പ്രയോജനമില്ല. സേവനാവകാശ നിയമത്തെക്കുറിച്ച് ജീവനക്കാരും പൊതുജനങ്ങളുമായി ചർച്ച നടത്തിയില്ല എന്നത് ഖേദകരമാണ്.

ശ്രീ. പി. തിലോത്തമൻ: ജനാധിപത്യ ഭരണ സംവിധാനത്തിൽ താഴെത്തട്ടുമുതൽ മുകൾത്തട്ടുവരെയുള്ള പ്രവർത്തനങ്ങൾ നിർവ്വഹിക്കപ്പെടുന്നത് ജനങ്ങളുടെ നികുതിപ്പണം കൊണ്ടാണ്. ഈ നിയമം തികച്ചും കുറ്റമറ്റതാക്കണം. ജനങ്ങൾക്ക് സേവനം ഉറപ്പുവരുത്തേണ്ട ഉദ്യോഗസ്ഥർ അത് നിർവ്വഹിച്ചില്ലെങ്കിൽ അപ്പീൽ നൽകുന്നതിന് ഒരു അപ്പലേറ്റ് അതോറിറ്റിയെ ഉൾപ്പെടുത്തിയത് ശ്ലാഘനീയമാണ്. കൃത്യനിർവ്വഹണം നടത്താത്തവരിൽനിന്നും പിഴ ഈടാക്കുന്നതോടൊപ്പം മറ്റ് ശിക്ഷാനടപടികൾകൂടി സ്വീകരിക്കാൻ ആവശ്യമായ വ്യവസ്ഥ ഉൾപ്പെടുത്തണം. ഗവൺമെന്റ് ഉത്തരവുകൾ മലയാളത്തിലാക്കാൻ നടപടിയുണ്ടാകണം. ജനാധിപത്യത്തിന്റെ അന്തസ്സത്ത പൂർണ്ണമായും ജനങ്ങളിലേക്കെത്തിക്കുവാൻ നിയമത്തെക്കുറിച്ച് ജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തണം. ഈ ബില്ലിന് വളരെയധികം കാലിക പ്രസക്തിയുണ്ട്. സർവ്വീസ് മേഖലയിലെ നിയമങ്ങളും ചട്ടങ്ങളും കാലോചിതമായി പരിഷ്ക്കരിക്കണം. ഫയലുകൾ കടന്നുപോകുന്ന തട്ടുകളുടെ എണ്ണം കുറയ്ക്കാനും വികസന പരിപാടികൾ അതിവേഗം ജനങ്ങൾക്ക് അനുഭവവേദ്യമാകുന്നതിനും നടപടികളുണ്ടാകണം. അഴിമതി തടയുന്നതിന് എല്ലാ വകുപ്പുകളിലും വിജിലൻസ് സംവിധാനം ഏർപ്പെടുത്തുമെന്ന വ്യവസ്ഥ സ്വാഗതം ചെയ്യുന്നു.

ശ്രീ. ബെന്നി ബെഹനാൻ: ഒരു ഭരണകൂടം ജനങ്ങൾക്ക് നൽകുന്ന സംരക്ഷണവും സേവനവും ഉറപ്പുവരുത്തുന്നതാണ് ഈ ബിൽ. നികുതി

ദായകനായ പൗരന് സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽനിന്നും ലഭിക്കുന്ന സേവനം ഔദാര്യമോ പരിഗണനയോ അല്ല, മറിച്ച്, അവകാശ മാണെന്ന തത്വത്തെ പരിപൂർണ്ണമായി പ്രാവർത്തികമാക്കുക എന്നതാണ് ഈ ബിൽ കൊണ്ടുദ്ദേശിക്കുന്നത്. സേവനാവാകശ നിയമം ജനങ്ങൾക്ക് പ്രയോജ നപ്രദമാകാൻ ഗവൺമെന്റിന് ഇച്ഛാശക്തിയുണ്ടാകണം. സേവനം നൽകുന്നതിൽ വീഴ്ച വരുത്തുന്നവർ ശിക്ഷിക്കപ്പെടുമെന്ന വ്യവസ്ഥ നിയമ ത്തിന്റെ നട്ടെല്ലായി നിലനിറുത്തണം. ഭരണപരമായ നടപടിക്രമങ്ങളുടെ പൂർത്തീകരണം നിയമത്തിന്റെ നടത്തിപ്പിന് അനിവാര്യമാണ്. ആദ്യത്തെ അപ്പീലിന്മേൽ മുപ്പത് ദിവസവും രണ്ടാം അപ്പീലിന്മേൽ 60 ദിവസവും കാത്തിരിക്കണമെന്ന വ്യവസ്ഥയിൽ മാറ്റംവരുത്തണം. ഒന്നാം അപ്പീൽ അധികാരി കഴിഞ്ഞാൽ തീരുമാനം കൽപ്പിക്കുന്നതിന് റിട്ടയേർഡ് ചീഫ് സെക്രട്ടറി നിലവാരത്തിലുള്ള ഉദ്യോഗസ്ഥൻ അടങ്ങുന്ന സ്റ്റേററ് അപ്പലേറ്റ് അതോറിറ്റി രൂപീകരിക്കണം. സർവ്വീസ് സംഘടനകളിൽപ്പെട്ട ആളുകൾക്കെതിരെ ശിക്ഷാ നടപടികളുണ്ടാകുമ്പോൾ അവരെ സംരക്ഷി ക്കണമെന്ന വർഗ്ഗപരമായ സമീപനത്തിലുപരി പൊതുജനങ്ങൾക്ക് സേവനവും പരിരക്ഷയും നൽകുന്നതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ നിയമത്തിന്റെ അന്തസ്സത്ത ഉൾക്കൊള്ളാനുള്ള പ്രബുദ്ധത സർവ്വീസ് സംഘട നകൾക്കുണ്ടാകണം. തെറ്റ് കാണിക്കുന്ന ഉദ്യോഗസ്ഥരെ സംരക്ഷിക്കാനുള്ള രാഷ്ട്രീയ സമ്മർദ്ദത്തെ അതിജീവിക്കാനുള്ള ഇച്ഛാശക്തി പ്രകടിപ്പിക്കണം. തെറ്റ് കാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ പിഴ ചുമത്തുന്നതിനുപുറമേ സർവ്വീസിനെ ബാധിക്കുന്ന തരത്തിലുള്ള നടപടി സ്വീകരിക്കാനുതകുന്ന വകുപ്പുകൂടി എഴുതിച്ചേർക്കണം. ഭരണതലത്തിലെ അനാവശ്യമായ

കാലതാമസം ഒഴിവാക്കി ജനങ്ങൾക്ക് ജനാധിപത്യത്തെക്കുറിച്ച് വിശ്വാസമുണ്ടാക്കുന്നതിനും സർക്കാരിന്റെ സുതാര്യതയും വിശ്വാസ്യതയും വർദ്ധിപ്പിക്കുന്നതിനും ഉതകുന്ന രീതിയിൽ നിയമനിർമ്മാണം നടത്തണം. ജനാധിപത്യം ശക്തമാക്കാൻ മാധ്യമങ്ങളിലൂടേയും പൊതുപ്രവർത്തക രിലൂടേയും രാഷ്ട്രീയ നേതൃത്വത്തിന്റെ ഇടപെടലുകൾ ഉണ്ടാകണം. സമന്വയത്തിന്റേയും സമവായത്തിന്റേയും സഹകരണത്തിന്റേയും അടിസ്ഥാ നത്തിൽ ഈ നിയമം നടപ്പിലാക്കാൻ കഴിയണം. പഴുതുകൾ ഉപയോഗിച്ച് നിയമത്തെ ഇല്ലാതാക്കാൻ ശ്രമിക്കുന്ന ഇടപെടലുകളേയും സ്വാധീന ശക്തികളേയും എതിർക്കണം. സേവനം പൗരന്റെ അവകാശമാണെന്ന സങ്കൽപ്പത്തെ പരിപൂർണ്ണമാക്കാൻ കഴിയുന്ന വ്യവസ്ഥകൾ നിയമത്തിൽ ഉൾക്കൊള്ളിക്കണം.

ശ്രീ. എ.എം. ആരിഫ്: നിയമങ്ങൾ ഫലപ്രദമായി നടപ്പിലാക്കാനും നിയമലംഘനത്തിനെതിരെ നടപടിയെടുക്കാനുമുള്ള ഇച്ഛാശക്തി ഗവൺമെന്റിന് ഉണ്ടാകണം. ഭരണ സംവിധാനത്തെയും നിലവിലുള്ള നിയമങ്ങളേയും കാര്യക്ഷമമായി ഉപയോഗിച്ച് ജനങ്ങൾക്ക് നിയമത്തിന്റെ പരിരക്ഷ ലഭ്യമാക്കണം. മൂന്നാം ഭരണ പരിഷ്ക്കരണ കമ്മിറ്റിയുടെ ശുപാർശകൾ പൂർണ്ണമായി നടപ്പാക്കണം. കേരള സംസ്ഥാന സേവനാവകാശ ബിൽ ചർച്ചയ്ക്ക് വിധേയമായി പാസ്സാക്കണം. ഈ ബില്ലിൽ സേവനദാതാവിനെ നിർണ്ണയിക്കുകയും നിയമങ്ങളെ സംബന്ധിച്ച് ധാരണ യുള്ള ഒരാളെ അപ്പലേറ്റ് അതോറിറ്റിയിൽ നിയമിക്കുകയും ചെയ്യണം. ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങളെ സംബന്ധിച്ച് നിലനിൽക്കുന്ന അഭ്യൂഹങ്ങൾ ഇല്ലായ്മ ചെയ്യണം. സേവനം ലഭ്യമാക്കുന്നതിൽ കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥന്റെ പേരിൽ നഷ്ടത്തിന്റെ തോതനുസരിച്ച് ലയബിലിറ്റി ഫിക്സ്

ചെയ്യണം. മറ്റ് സംസ്ഥാനങ്ങളിൽ ഈ നിയമം നടപ്പിലാക്കിയതുസംബന്ധിച്ച് പഠിക്കാൻ കഴിയണം. സേവനം ഏതൊക്കെയാണെന്ന് നിയമത്തിൽ നിന്നുതന്നെ വ്യക്തമാകുന്ന രൂപത്തിൽ 2(ജി) വകുപ്പ് വിപുലീകരിക്കണം. ഇതിൽ പീനൽ പ്രൊവിഷൻ എങ്ങനെ ചേർക്കാൻ കഴിയുമെന്നതിനെ സംബന്ധിച്ച് നിയമ വിദഗ്ദ്ധരുമായി ആലോചിക്കണം. ഈ നിയമം കുറ്റമറ്റ രീതിയിൽ നടപ്പാക്കാനുള്ള ഇച്ഛാശക്തിയും സംവിധാനവുമുണ്ടാകണം.

ചീഫ് വിപ്പ് (ശ്രീ. പി.സി. ജോർജ്): മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയാണ് ഇത്തരത്തിലൊരു നിയമം കൊണ്ടുവരുന്നതിന് ഗവൺമെന്റിനെ പ്രേരിപ്പിച്ചത്. നിസ്സാര കാരണങ്ങളാൽ സേവനം ലഭ്യമാകാതെ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ ഈ നിയമം പ്രാബല്യത്തിൽ വരുന്നതോടെ സാധിക്കുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ധനകാര്യ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ജീവനക്കാരുമായി ചർച്ച ചെയ്ത് അവരെ വിശ്വാസത്തി ലെടുത്തുമാത്രമേ സേവനാവകാശ നിയമം നടപ്പിലാക്കുകയുള്ളൂ. ഏതെല്ലാം ഡിപ്പാർട്ട്മെന്റുകൾ ഏതെല്ലാം സേവനങ്ങൾ എപ്പോൾ എങ്ങനെയാണ് നൽകേണ്ടതെന്നതാണ് ഇനി തീരുമാനിക്കാനുള്ളത്. നിയമം പാസ്സാക്കി ആറ് മാസത്തിനകമാണ് അത് സംബന്ധിച്ച് തീരുമാനമെടുക്കേണ്ടത്. നിയമം സ്വയം ഉൾക്കൊള്ളുന്ന സാഹചര്യമുണ്ടാക്കുക എന്നുള്ളതാണ് ഉദ്ദേശ്യം. അക്കാര്യത്തിൽ സിവിൽ സർവ്വീസിന്റെ പൂർണ്ണ സഹകരണമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ നിയമം നടപ്പിലാക്കുന്നതോടെ ഉദ്യോഗസ്ഥരെക്കുറിച്ച് ജനങ്ങളുടെ മനസ്സിലുള്ള കാഴ്ച്ചപ്പാടിന് മാറ്റം വരുന്നതാണ്. ഇച്ഛാശക്തി യോടുകൂടി പ്രവർത്തിച്ചാൽ ഏത് കാര്യവും സാധിക്കുമെന്നുള്ള

വിശ്വാസത്തോടെയാണ് ഈ നിയമം കൊണ്ടുവരാൻ തീരുമാനിച്ചത്. ഈ നിയമത്തിന്റെ പരിധിയിൽ മുഖ്യമന്ത്രിയും വരണമെന്നാണ് അഭിപ്രായം. ആദ്യ സ്റ്റേജ് നടപ്പിലാക്കിയശേഷം ഇതിന്റെ ഗുണദോഷങ്ങൾ തിരിച്ചറിഞ്ഞ് മുന്നോട്ടുപോകുന്നതാണ്. സെക്രട്ടേറിയറ്റിൽ നിന്നുള്ള സേവനങ്ങൾ ഇതിൽ ഉൾപ്പെടുത്തുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. ടി.എ. അഹ്മദ് കബീർ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതി യോടെ പിൻവലിച്ചു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച ഭേദഗതി 46-നെതിരെ 58 വോട്ടുകളോടെ സഭ നിരാകരിച്ചു.

2012-ലെ കേരള സംസ്ഥാന സേവനാവകാശ ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണന യ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

## (2) 2012-ലെ കോമൺവെൽത്ത് ട്രസ്റ്റ്, കോഴിക്കോട് (സംരംഭം വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) ബിൽ

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി) : 2012-ലെ കോമൺവെൽത്ത് ട്രസ്റ്റ്, കോഴിക്കോട് (സംരംഭം വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി) : 2012-ലെ കോമൺവെൽത്ത് ട്രസ്റ്റ്, കോഴിക്കോട് (സംരംഭം വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) ബിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച IV-ാം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി) : ചരിത്ര പ്രാധാന്യമുള്ള കോമൺവെൽത്ത് ട്രസ്റ്റ് ബിൽഡിംഗും അനുബന്ധ സ്ഥലങ്ങളും ഏറ്റെടുക്കണമെന്നുള്ളത് തൊഴിലാളികളുടേയും തൊഴിലാളി യൂണിയനുകളുടേയും ദീർഘകാലമായുള്ള ആവശ്യമാണ്. പുരാതനമായ മാനാഞ്ചിറയിലെ ഹാന്റ്ലൂം വീവിംഗ് ഫാക്ടറിയേയും ജീവനക്കാരെയും ഏറ്റെടുത്ത് സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. ടി.എൻ. പ്രതാപൻ : 2012-ലെ കോമൺവെൽത്ത് ട്രസ്റ്റ്, കോഴിക്കോട് (സംരംഭം വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) ബിൽ

പൊതുജനാഭിപ്രായം ആരായുന്നതിനായി 31-07-2012 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കോഴിക്കോട് കോമൺവെൽത്ത് ട്രസ്റ്റിന്റെ കീഴിലുള്ള മാനാഞ്ചിറയിലെ ഹാന്റ്ലൂം വീവിംഗ് ഫാക്ടറിയും അനുബന്ധ സ്ഥലങ്ങളും പൈതൃക സമ്പത്താണ്. 1977 മുതൽ ട്രേഡ് യൂണിയൻ നേതാക്കളുൾപ്പെടുന്ന ഭരണസമിതി ദൈനംദിന കാര്യങ്ങൾ നിർവ്വഹിക്കുന്ന ഈ ഫാക്ടറി കഴിഞ്ഞ ഒരു വർഷമായി പ്രവർത്തന രഹിത മാണ്. നിയമംവഴി ഈ സ്ഥാപനം ഏറ്റെടുക്കാനുള്ള തീരുമാനം അഭിനന്ദ നാർഹമാണ്. ലോക ടൂറിസ്റ്റ് ഭൂപടത്തിൽ സ്ഥാനം പിടിക്കാവുന്ന രീതിയിൽ ഇവിടെ ഒരു ഹാൻഡ്‌ലൂം മ്യൂസിയം സ്ഥാപിക്കണം. നിബന്ധനകൾ ലംഘിച്ച് സ്വകാര്യ സംരംഭകർ കൈവശപ്പെടുത്തിയിരിക്കുന്ന ഭൂമിയും സ്ഥാപനങ്ങളും ഈ ബില്ലിന്റെ ഭാഗമായി കണ്ടുകെട്ടണം.

ശ്രീ. എ. പ്രദീപ്കുമാർ: 2012-ലെ കോമൺവെൽത്ത് ട്രസ്റ്റ്, കോഴിക്കോട് (സംരംഭം വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കോഴിക്കോടുള്ള കോമൺവെൽത്ത് നെയ്ത്ത് കമ്പനി സർക്കാർ ഏറ്റെടുക്കാൻ തീരുമാനിച്ചത് സ്വാഗതാർഹമാണ്. പ്രതിസന്ധി യിലായ സ്ഥാപനത്തെ കരകയറ്റാൻ മാനേജ്മെന്റ് യാതൊരു നടപടിയും സ്വീകരിക്കാത്തതിന്റെ ഫലമായി കോടിക്കണക്കിന് രൂപ വിലമതിപ്പുള്ള സ്ഥലവും കെട്ടിടവും ഘട്ടംഘട്ടമായി വിൽക്കുകയും കമ്പനി പ്രവർത്തന രഹിതമാകുകയും ചെയ്തു. സ്ഥാപനത്തിൽ അവശേഷിക്കുന്ന തൊഴിലാളി കളാണ് കമ്പനി സർക്കാർ ഏറ്റെടുക്കണമെന്ന ആവശ്യം ഉന്നയിച്ചത്. സർക്കാർ സ്ഥാപനം ഏറ്റെടുക്കുമ്പോൾ ഇതുസംബന്ധിച്ചുണ്ടാകുന്ന പ്രതിബ

ന്ധങ്ങൾ തരണം ചെയ്യാൻ അതീവ ജാഗ്രത പാലിക്കണം. അവിടെ ഒരു മോഡേൺ മിൽ സ്ഥാപിച്ച് അവശേഷിക്കുന്ന തൊഴിലാളികളെ സംരക്ഷിക്കുകയും വ്യവസായ മ്യൂസിയം സ്ഥാപിക്കുകയും ചെയ്യണം. അടുത്തകാലത്ത് വിറ്റുപോയ സ്ഥാപനത്തിന്റേതായ സ്ഥലം തിരിച്ചെടുക്കണം.

<u>ശ്രീ. ജോസഫ് വാഴക്കൻ</u>: ആദ്യകാലത്ത് നല്ല രീതിയിൽ പ്രവർത്തിച്ചിരുന്ന കോഴിക്കോട് മാനാഞ്ചിറയിലെ ഹാൻഡ്‌ലൂം വീവിംഗ് ഫാക്ടറിയുടെ പല ശാഖകളും പിന്നീട് വിൽക്കുകയും അടച്ചുപൂട്ടുകയും ചെയ്തപ്പോൾ തൊഴിലാളികളുടെ ആനുകൂല്യങ്ങൾപോലും കൊടുത്തിരുന്നില്ല. കാലക്രമേണ ട്രേഡ് യൂണിയൻ നേതാക്കൾ ഫാക്ടറിയുടെ ചുമതല ഏറ്റെടുക്കുകയും മാനാഞ്ചിറയിലെ ഭൂമിയും ബംഗ്ലാവും തുച്ഛമായ വിലയ്ക്ക് സ്വകാര്യ വ്യക്തിക്കും ടൂറിസം ഡെവലപ്മെന്റ് സൊസൈറ്റിക്കുമായി വിൽക്കുകയും ചെയ്തു. പൈതൃകം നിലനിറുത്തിക്കൊണ്ട് സ്ഥാപനത്തിൽ ഒരു വ്യവസായ മ്യൂസിയവും ഉൽപ്പാദന കേന്ദ്രവും സ്ഥാപിക്കാനുള്ള സർക്കാർ തീരുമാനത്തെ സ്വാഗതം ചെയ്യുന്നു.

<u>ശ്രീ. ഇ. കെ. വിജയൻ:</u> ബിൽ പാസ്സായാലും ഇന്ത്യൻ പ്രസിഡന്റിന്റെ അനുമതി വേണമെന്നുള്ളതിനാൽ തുടർനടപടികളും സ്വീകരിക്കേണ്ടതാണ്. സർവ്വേ നമ്പർ 78/137, 77/131 എന്നീ നമ്പറുകളിൽപ്പെട്ട ഭൂമികൂടി ഇതിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണം. ബില്ലിൽ മൂന്നാം പട്ടികയിലെ വിറ്റതും ഉപയോഗിക്കാത്തതുമായ വസ്തുക്കളുടെ വിവരണം എന്നതിന് വ്യക്തത കൈവരാൻ നിലവിലുള്ള ഭൂമിയും എന്നുകൂടി ചേർക്കണം. ഫാക്ടറി സർക്കാർ ഏറ്റെടുക്കുന്ന അവസരത്തിൽ തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പാക്കുകയും കോഴിക്കോടിന്റെ പാരമ്പര്യം കാത്തുസൂക്ഷിച്ചു

കൊണ്ട് ഹെറിറ്റേജ് ഇൻഡസ്ട്രി എന്ന നിലയ്ക്ക് വളർത്തിയെടുക്കാനുള്ള നടപടി സ്വീകരിക്കുകയും വേണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): ബില്ലിലെ അപാകതകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനാവേളയിൽ പരിഹരിക്കുന്നതാണ്. കോമൺവെൽത്ത് ട്രസ്റ്റ് (ഇന്ത്യ) ലിമിറ്റഡിലെ തൊഴിലാളികൾക്ക് അവസരം കൊടുക്കുന്ന വിധത്തിൽ ആവശ്യമായ തീരുമാനങ്ങൾ എടുക്കാനുള്ള അധികാരം ബില്ലിലൂടെ സർക്കാരിന് ലഭിക്കുന്നുണ്ട്. കമ്പനിയുടെ സ്വത്തുക്കളിൽ ന്യായമായതൊക്കെ സർക്കാർ ഏറ്റെടുക്കുകയും പൊതുമുതലാക്കുകയും ചെയ്യുന്നതാണ്. തൊഴിലാളികളേയും സംരക്ഷിക്കാൻ നടപടി സ്വീകരിക്കും. 2012-ലെ കോമൺവെൽത്ത് ട്രസ്റ്റ്, കോഴിക്കോട് (സംരംഭം വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

2012-ലെ കോമൺവെൽത്ത് ട്രസ്റ്റ്, കോഴിക്കോട് (സംരംഭം വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) ബിൽ വ്യവസായവും ധാതുക്കളും സബന്ധിച്ച IV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

(സഭ വൈകുന്നേരം 3.28-ന് പിരിഞ്ഞു.

* * * * * * * * * * * * * * * *